**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 338** **04-10-2021 - ൽ മറുപടിയ്ക്ക്**

**സംയോജിത ജില്ലാ വികസന രൂപരേഖ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക വികസന രൂപരേഖയും ഓരോ ജില്ലയ്ക്കും സംയോജിത ജില്ലാ വികസന രൂപരേഖയും തയ്യാറാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എ) | കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ വകുപ്പ 53 ൽ പ്രതിപാദിക്കുന്നത് പ്രകാരമുള്ള ജില്ലാ പദ്ധതികൾ 2017-18 കാലയളവിൽ എല്ലാ ജില്ലകളിലും തയ്യാറാക്കിയിരുന്നു. ഇപ്രകാരം തയ്യാറാക്കിയ ജില്ലാ പദ്ധതിയിലെ വികസന പരിപ്രേക്ഷ്യവും കീഴ്ത്തട്ട് നിർദ്ദേശങ്ങളും പരിഗണിച്ച വേണം തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കേണ്ടതെന്ന് 11.01.2021 ലെ സ.ഉ(കൈ)നം.04/2021/തസ്വഭവ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. 1996 ൽ ആരംഭിച്ച ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ വികസന റിപ്പോർട്ടുകൾ തയ്യാറാക്കിയിരുന്നു. ജനകീയാസൂത്രണത്തിന്റെ ഇരുപത്തഞ്ചാം വർഷത്തിൽ പതിനാലാം പദ്ധതി പ്രവർത്തനത്തിന്റെ മുന്നൊരുക്കമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന റിപ്പോർട്ടുകൾ പുതുക്കി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ